**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 196** **13-02-2024 - ൽ മറുപടിയ്ക്ക്**

**കേന്ദ്രവിഹിതം വെട്ടിക്കുറച്ചതുമൂലമുള്ള അധികബാധ്യത**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ജോബ് മൈക്കിൾ,<br>ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ,<br>ശ്രീ. പ്രമോദ് നാരായൺ,<br>ഡോ. എൻ. ജയരാജ്** | | **ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാന സർക്കാർ മുഖേന നടപ്പിലാക്കിവരുന്ന കേന്ദ്രാവിഷ്കൃത പദ്ധതികളിൽ കഴിഞ്ഞ അഞ്ച് വർഷത്തിനുള്ളിൽ കേന്ദ്ര വിഹിതം പിൻവലിച്ച പദ്ധതികളുടെ വിശദവിവരം നൽകാമോ; | (എ) | കേന്ദ്രാവിഷ്കൃത പദ്ധതികളായ റർബൻ മിഷൻ, ഡിസ്ട്രിക്റ്റ് റൂറൽ ഡെവലപ്മെന്റ് ഏജൻസിക്കുള്ള ഭരണചെലവുകൾ, ഐ.സി.ഡി.എസ് ട്രെയിനിംഗ്, അങ്കണവാടി സർവ്വീസ് തുടങ്ങി വിവിധ കേന്ദ്രാവിഷ്കൃത പദ്ധതികൾക്ക് കേന്ദ്ര വിഹിതം നിർത്തലാക്കിയിട്ടുണ്ട്. പ്രസ്തുത പദ്ധതികളുടെ നടത്തിപ്പിനായും അതിൽ ഉൾപ്പെട്ട ജീവനക്കാരുടെ ശമ്പള ചെലവിനായിട്ടുമാണ് കേന്ദ്ര സർക്കാർ ഫണ്ട് അനുവദിച്ചിരുന്നത്. എന്നാൽ പദ്ധതി നിർത്തലാക്കിയ സാഹചര്യത്തിൽ ജീവനക്കാരുടെ ശമ്പളയിനത്തിലുള്ള ചെലവ് സംസ്ഥാന സർക്കാരിന് ബാധ്യതയായി മാറിയിട്ടുണ്ട്. |
| (ബി) | പ്രസ്തുത കാലയളവിൽ ഏതെല്ലാം പദ്ധതി ഘടകങ്ങൾക്കാണ് അതുവരെ നൽകിയിരുന്ന ഫണ്ട് കേന്ദ്രസർക്കാർ നിർത്തലാക്കിയത്; വ്യക്തമാക്കാമോ; | (ബി) | കേന്ദ്രാവിഷ്കൃത പദ്ധതികളായ റർബൻ മിഷൻ, ഡിസ്ട്രിക്റ്റ് റൂറൽ ഡെവലപ്മെന്റ് ഏജൻസിക്കുള്ള ഭരണചെലവുകൾ, ഐ.സി.ഡി.എസ് ട്രെയിനിംഗ്, അങ്കണവാടി സർവ്വീസ് തുടങ്ങി വിവിധ കേന്ദ്രാവിഷ്കൃത പദ്ധതികൾക്ക് കേന്ദ്ര വിഹിതം നിർത്തലാക്കിയിട്ടുണ്ട്. പ്രസ്തുത പദ്ധതികളുടെ നടത്തിപ്പിനായും അതിൽ ഉൾപ്പെട്ട ജീവനക്കാരുടെ ശമ്പള ചെലവിനായിട്ടുമാണ് കേന്ദ്ര സർക്കാർ ഫണ്ട് അനുവദിച്ചിരുന്നത്. എന്നാൽ പദ്ധതി നിർത്തലാക്കിയ സാഹചര്യത്തിൽ ജീവനക്കാരുടെ ശമ്പളയിനത്തിലുള്ള ചെലവ് സംസ്ഥാന സർക്കാരിന് ബാധ്യതയായി മാറിയിട്ടുണ്ട്. |
| (സി) | കേന്ദ്രാവിഷ്കൃത പദ്ധതികളിൽ ധനവിഹിത ഘടനയിൽ കേന്ദ്രസർക്കാർ കഴിഞ്ഞ അഞ്ച് വർഷത്തിൽ വരുത്തിയ മാറ്റങ്ങൾ വിശദമാക്കാമോ; | (സി) | കേന്ദ്രാവിഷ്കൃത പദ്ധതികളുടെ ഘടനയിൽ കേന്ദ്രസർക്കാർ നടപ്പിലാക്കിയ മാറ്റം സംസ്ഥാനങ്ങൾക്ക് അധിക ബാധ്യതയാണ് ഉണ്ടാക്കിയിരിക്കുന്നത്. 'കോർ ഓഫ് ദി കോർ' എന്നും 'കോർ' എന്നും രണ്ട് ഗണത്തിലാണ് കേന്ദ്രാവിഷ്കൃത പദ്ധതികൾ നിലവിൽ നടപ്പിലാക്കപ്പെടുന്നത്. ഇതിൽ 90% കേന്ദ്രവിഹിതം ലഭിക്കുന്ന ആദ്യത്തേതിൽ പദ്ധതികളുടെ എണ്ണം ഓരോ വർഷവും കുറഞ്ഞു വരികയാണ്. 60% മാത്രം |

കേന്ദ്രവിഹിതം ലഭിക്കുന്ന കോർ ഗണത്തിലാണ് പദ്ധതികളുടെ സിംഹഭാഗവും എന്നതിനാൽ വലിയ ബാധ്യതയാണ് സംസ്ഥാനത്തിന് ഉണ്ടാകുന്നത്. 2015-16 മുമ്പ് ഉണ്ടായിരുന്ന കേന്ദ്രാവിഷ്കൃത പദ്ധതികളുടെ കേന്ദ്ര സംസ്ഥാന അനുപാതം 75 : 25 ആയിരുന്നത് 60 : 40 അനുപാതമാക്കി മാറ്റിയപ്പോൾ 2015-16 മുതൽ 2022-23 കാലയളവുവരെ സംസ്ഥാനത്തിന് കുറഞ്ഞത് 10,206 കോടിയോളം രൂപയുടെ ബാധ്യതയാണ് ഉണ്ടായത്.

ഇതിനുപുറമേ, **2021**-22 വർഷം മുതൽ കേന്ദ്രാവിഷ്കൃത പദ്ധതികളുടെ നടത്തിപ്പിനായി ആവിഷ്കരിച്ച SNA സംവിധാനത്തിൽ കേന്ദ്ര സർക്കാർ അടിക്കടി കൊണ്ടുവരുന്ന പലവിധത്തിലുള്ള നിബന്ധനകൾ കാരണം സാങ്കേതികപരമായ ബുദ്ധിമുട്ട് ഉണ്ടാവുകയും, അവ പദ്ധതി നിർവ്വഹണത്തെ ഒരളവു വരെ പ്രതികൂലമായി ബാധിക്കുകയും ചെയ്യുന്നുണ്ട്.

കേന്ദ്രാവിഷ്കൃത പദ്ധതികളിൽ കേന്ദ്രസർക്കാർ അനുശാസിക്കുന്ന Branding/naming മാർഗ്ഗനിർദ്ദേശങ്ങൾ സംസ്ഥാനം പാലിക്കുന്നില്ല എന്ന കാരണമുയർത്തി NHM, Suchitwa Mission, PMABHIM, Poshan Abhiyan മുതലായ പദ്ധതികളുടെ കേന്ദ്രവിഹിതം കേന്ദ്രസർക്കാർ ഇപ്പോൾ അനുവദിക്കുന്നില്ല. 2022-23 സാമ്പത്തിക വർഷത്തിൽ കേന്ദ്രാവിഷ്കൃത പദ്ധതികൾക്ക് കേന്ദ്ര സർക്കാർ വിഹിതമായി 4620.64 കോടി രൂപ ലഭിച്ചിരുന്നു. എന്നാൽ നടപ്പ് സാമ്പത്തിക വർഷത്തിന്റെ അവസാന പാദമായിട്ടുകൂടി ഈ ഇനത്തിൽ 2861.07 കോടി രൂപ മാത്രമേ ഇതുവരെ ലഭിച്ചിട്ടുള്ളൂ.

കേന്ദ്രസർക്കാർ Branding മാർഗ്ഗനിർദ്ദേശങ്ങൾ അനുശാസിക്കുന്ന ചില പദ്ധതികളിൽ സിംഹഭാഗവും, മറ്റു ചില പദ്ധതികളിൽ 40 ശതമാനത്തോളവും തുക സംസ്ഥാന വിഹിതമായിട്ടാണ് ചെലവഴിക്കുന്നത്. സംസ്ഥാന വിഹിതം കൂടി ചെലവഴിക്കുന്ന പദ്ധതികളിൽ കേന്ദ്രസർക്കാർ നിർദേശിക്കുന്ന ബ്രാൻഡിംഗിന് പകരം സംസ്ഥാനത്തെ കൂടി പരിഗണിക്കുന്ന Co-Branding ആണ് യഥാർത്ഥത്തിൽ നിലവിൽ വരേണ്ടത്. NHM പോലുള്ള പദ്ധതികൾക്കുള്ള കേന്ദ്ര വിഹിതം ലഭ്യമാകാതിരിക്കുന്ന ഈ സന്ദർഭത്തിൽ പോലും സാമ്പത്തിക ബുദ്ധിമുട്ടുകൾക്കിടയിൽ നിന്നും പ്രസ്തുത പദ്ധതി പ്രവർത്തനങ്ങൾക്കായി കഴിയുന്നത്ര തുക സംസ്ഥാനം ചെലവഴിക്കുകയാണ്.

കേന്ദ്രാവിഷ്കൃത പദ്ധതികൾക്കുള്ള തുക കേന്ദ്രസർക്കാരിൽ നിന്നും നേടിയെടുക്കുന്നതിനു വേണ്ടി വിവിധ വകുപ്പുകൾ അതത് കേന്ദ്ര മന്ത്രാലയങ്ങളുമായി നിരന്തരം ബന്ധപ്പെടുകയും കത്തിടപാടുകൾ നടത്തുകയും ചെയ്യുന്നുണ്ട്. വിനിയോഗ സാക്ഷ്യപത്രം

| | | | |
|---|---|---|---|
| | | | സമയബന്ധിതമായി നൽകിക്കൊണ്ടും മറ്റ് സാങ്കേതിക നടപടിക്രമങ്ങൾ പൂർത്തിയാക്കിക്കൊണ്ടും ഈ തുക നേടിയെടുക്കുന്നതിനായി, പദ്ധതി നിർവ്വഹണം നടത്തുന്ന എല്ലാ വകുപ്പ് സെക്രട്ടറിമാരുടെ തലത്തിലും ത്വരിത നടപടികളാണ് സ്വീകരിച്ചു വരുന്നത്. |
| (ഡി) | ഇപ്രകാരം വിഹിതം നിർത്തലാക്കിയതോ വെട്ടിച്ചുരുക്കിയതോ ആയ പദ്ധതികൾ ഏറ്റെടുക്കേണ്ടിവന്ന സാഹചര്യത്തിൽ സംസ്ഥാനത്തിനുണ്ടായ അധികബാധ്യത വെളിപ്പെടുത്താമോ; | (ഡി) | കേന്ദ്രാവിഷ്കൃത പദ്ധതികളുടെ ഘടനയിൽ കേന്ദ്രസർക്കാർ നടപ്പിലാക്കിയ മാറ്റം സംസ്ഥാനങ്ങൾക്ക് അധിക ബാധ്യതയാണ് ഉണ്ടാക്കിയിരിക്കുന്നത്. 'കോർ ഓഫ് ദി കോർ' എന്നും 'കോർ' എന്നും രണ്ട് ഗണത്തിലാണ് കേന്ദ്രാവിഷ്കൃത പദ്ധതികൾ നിലവിൽ നടപ്പിലാക്കപ്പെടുന്നത്. ഇതിൽ 90% കേന്ദ്രവിഹിതം ലഭിക്കുന്ന ആദ്യത്തേതിൽ പദ്ധതികളുടെ എണ്ണം ഓരോ വർഷവും കുറഞ്ഞു വരികയാണ്. 60% മാത്രം കേന്ദ്രവിഹിതം ലഭിക്കുന്ന കോർ ഗണത്തിലാണ് പദ്ധതികളുടെ സിംഹഭാഗവും എന്നതിനാൽ വലിയ ബാധ്യതയാണ് സംസ്ഥാനത്തിന് ഉണ്ടാകുന്നത്. 2015-16 മുമ്പ് ഉണ്ടായിരുന്ന കേന്ദ്രാവിഷ്കൃത പദ്ധതികളുടെ കേന്ദ്ര സംസ്ഥാന അനുപാതം 75 : 25 ആയിരുന്നത് 60 : 40 അനുപാതമാക്കി മാറ്റിയപ്പോൾ 2015-16 മുതൽ 2022-23 കാലയളവുവരെ സംസ്ഥാനത്തിന് കുറഞ്ഞത് 10,206 കോടിയോളം രൂപയുടെ ബാധ്യതയാണ് ഉണ്ടായത്.<br><br>ഇതിനുപുറമേ, **2021**-22 വർഷം മുതൽ കേന്ദ്രാവിഷ്കൃത പദ്ധതികളുടെ നടത്തിപ്പിനായി ആവിഷ്കരിച്ച SNA സംവിധാനത്തിൽ കേന്ദ്ര സർക്കാർ അടിക്കടി കൊണ്ടുവരുന്ന പലവിധത്തിലുള്ള നിബന്ധനകൾ കാരണം സാങ്കേതികപരമായ ബുദ്ധിമുട്ട് ഉണ്ടാവുകയും, അവ പദ്ധതി നിർവ്വഹണത്തെ ഒരളവു വരെ പ്രതികൂലമായി ബാധിക്കുകയും ചെയ്യുന്നുണ്ട്.<br><br>കേന്ദ്രാവിഷ്കൃത പദ്ധതികളിൽ കേന്ദ്രസർക്കാർ അനുശാസിക്കുന്ന Branding/naming മാർഗ്ഗനിർദ്ദേശങ്ങൾ സംസ്ഥാനം പാലിക്കുന്നില്ല എന്ന കാരണമുയർത്തി NHM, Suchitwa Mission, PMABHIM, Poshan Abhiyan മുതലായ പദ്ധതികളുടെ കേന്ദ്രവിഹിതം കേന്ദ്രസർക്കാർ ഇപ്പോൾ അനുവദിക്കുന്നില്ല. 2022-23 സാമ്പത്തിക വർഷത്തിൽ കേന്ദ്രാവിഷ്കൃത പദ്ധതികൾക്ക് കേന്ദ്ര സർക്കാർ വിഹിതമായി 4620.64 കോടി രൂപ ലഭിച്ചിരുന്നു. എന്നാൽ നടപ്പ് സാമ്പത്തിക വർഷത്തിന്റെ അവസാന പാദമായിട്ടുകൂടി ഈ ഇനത്തിൽ 2861.07 കോടി രൂപ മാത്രമേ ഇതുവരെ ലഭിച്ചിട്ടുള്ളൂ. |

| | | | |
|---|---|---|---|
| | | | കേന്ദ്രസർക്കാർ Branding മാർഗ്ഗനിർദ്ദേശങ്ങൾ അനുശാസിക്കുന്ന ചില പദ്ധതികളിൽ സിംഹഭാഗവും, മറ്റ ചില പദ്ധതികളിൽ 40 ശതമാനത്തോളവും തുക സംസ്ഥാന വിഹിതമായിട്ടാണ് ചെലവഴിക്കുന്നത്. സംസ്ഥാന വിഹിതം കൂടി ചെലവഴിക്കുന്ന പദ്ധതികളിൽ കേന്ദ്രസർക്കാർ നിർദേശിക്കുന്ന ബ്രാൻഡിംഗിന് പകരം സംസ്ഥാനത്തെ കൂടി പരിഗണിക്കുന്ന Co-Branding ആണ് യഥാർത്ഥത്തിൽ നിലവിൽ വരേണ്ടത്. NHM പോലുള്ള പദ്ധതികൾക്കുള്ള കേന്ദ്ര വിഹിതം ലഭ്യമാകാതിരിക്കുന്ന ഈ സന്ദർഭത്തിൽ പോലും സാമ്പത്തിക ബുദ്ധിമുട്ടുകൾക്കിടയിൽ നിന്നും പ്രസ്തുത പദ്ധതി പ്രവർത്തനങ്ങൾക്കായി കഴിയുന്നത്ര തുക സംസ്ഥാനം ചെലവഴിക്കുകയാണ്.<br><br>കേന്ദ്രാവിഷ്കൃത പദ്ധതികൾക്കുള്ള തുക കേന്ദ്രസർക്കാരിൽ നിന്നും നേടിയെടുക്കുന്നതിനു വേണ്ടി വിവിധ വകുപ്പുകൾ അതത് കേന്ദ്ര മന്ത്രാലയങ്ങളുമായി നിരന്തരം ബന്ധപ്പെടുകയും കത്തിടപാടുകൾ നടത്തുകയും ചെയ്യുന്നുണ്ട്. വിനിയോഗ സാക്ഷ്യപത്രം സമയബന്ധിതമായി നൽകിക്കൊണ്ടും മറ്റ് സാങ്കേതിക നടപടിക്രമങ്ങൾ പൂർത്തിയാക്കിക്കൊണ്ടും ഈ തുക നേടിയെടുക്കുന്നതിനായി, പദ്ധതി നിർവ്വഹണം നടത്തുന്ന എല്ലാ വകുപ്പ് സെക്രട്ടറിമാരുടെ തലത്തിലും ത്വരിത നടപടികളാണ് സ്വീകരിച്ച് വരുന്നത്. |
| (ഇ) | മാനദണ്ഡം ആകെ മാറ്റുകയോ പേരുമാറ്റം പോലെയുള്ള പുതിയ നിബന്ധനകൾ ഏർപ്പെടുത്തുകയോ ചെയ്തതുമൂലം തടഞ്ഞുവച്ചിട്ടുള്ള പദ്ധതികളുടെയും തുകയുടെയും വിശദാംശവും അറിയിക്കാമോ? | (ഇ) | കേന്ദ്രാവിഷ്കൃത പദ്ധതികളുടെ ഘടനയിൽ കേന്ദ്രസർക്കാർ നടപ്പിലാക്കിയ മാറ്റം സംസ്ഥാനങ്ങൾക്ക് അധിക ബാധ്യതയാണ് ഉണ്ടാക്കിയിരിക്കുന്നത്. 'കോർ ഓഫ് ദി കോർ' എന്നും 'കോർ' എന്നും രണ്ട് ഗണത്തിലാണ് കേന്ദ്രാവിഷ്കൃത പദ്ധതികൾ നിലവിൽ നടപ്പിലാക്കപ്പെടുന്നത്. ഇതിൽ 90% കേന്ദ്രവിഹിതം ലഭിക്കുന്ന ആദ്യത്തേതിൽ പദ്ധതികളുടെ എണ്ണം ഓരോ വർഷവും കുറഞ്ഞു വരികയാണ്. 60% മാത്രം കേന്ദ്രവിഹിതം ലഭിക്കുന്ന കോർ ഗണത്തിലാണ് പദ്ധതികളുടെ സിംഹഭാഗവും എന്നതിനാൽ വലിയ ബാധ്യതയാണ് സംസ്ഥാനത്തിന് ഉണ്ടാകുന്നത്. 2015-16 മുമ്പ് ഉണ്ടായിരുന്ന കേന്ദ്രാവിഷ്കൃത പദ്ധതികളുടെ കേന്ദ്ര സംസ്ഥാന അനുപാതം 75 : 25 ആയിരുന്നത് 60 : 40 അനുപാതമാക്കി മാറ്റിയപ്പോൾ 2015-16 മുതൽ 2022-23 കാലയളവുവരെ സംസ്ഥാനത്തിന് കുറഞ്ഞത് 10,206 കോടിയോളം രൂപയുടെ ബാധ്യതയാണ് ഉണ്ടായത്.<br><br>ഇതിനുപുറമേ, **2021-**22 വർഷം മുതൽ കേന്ദ്രാവിഷ്കൃത പദ്ധതികളുടെ നടത്തിപ്പിനായി ആവിഷ്കരിച്ച SNA |

| | | | |
|---|---|---|---|
| | | | സംവിധാനത്തിൽ കേന്ദ്ര സർക്കാർ അടിക്കടി കൊണ്ടുവരുന്ന പലവിധത്തിലുള്ള നിബന്ധനകൾ കാരണം സാങ്കേതികപരമായ ബുദ്ധിമുട്ട് ഉണ്ടാവുകയും, അവ പദ്ധതി നിർവ്വഹണത്തെ ഒരളവു വരെ പ്രതികൂലമായി ബാധിക്കുകയും ചെയ്യുന്നുണ്ട്.<br><br>കേന്ദ്രാവിഷ്കൃത പദ്ധതികളിൽ കേന്ദ്രസർക്കാർ അനുശാസിക്കുന്ന Branding/naming മാർഗ്ഗനിർദ്ദേശങ്ങൾ സംസ്ഥാനം പാലിക്കുന്നില്ല എന്ന കാരണമുയർത്തി NHM, Suchitwa Mission, PMABHIM, Poshan Abhiyan മുതലായ പദ്ധതികളുടെ കേന്ദ്രവിഹിതം കേന്ദ്രസർക്കാർ ഇപ്പോൾ അനുവദിക്കുന്നില്ല. 2022-23 സാമ്പത്തിക വർഷത്തിൽ കേന്ദ്രാവിഷ്കൃത പദ്ധതികൾക്ക് കേന്ദ്ര സർക്കാർ വിഹിതമായി 4620.64 കോടി രൂപ ലഭിച്ചിരുന്നു. എന്നാൽ നടപ്പ് സാമ്പത്തിക വർഷത്തിന്റെ അവസാന പാദമായിട്ടുകൂടി ഈ ഇനത്തിൽ 2861.07 കോടി രൂപ മാത്രമേ ഇതുവരെ ലഭിച്ചിട്ടുള്ളൂ.<br><br>കേന്ദ്രസർക്കാർ Branding മാർഗ്ഗനിർദ്ദേശങ്ങൾ അനുശാസിക്കുന്ന ചില പദ്ധതികളിൽ സിംഹഭാഗവും, മറ്റു ചില പദ്ധതികളിൽ 40 ശതമാനത്തോളവും തുക സംസ്ഥാന വിഹിതമായിട്ടാണ് ചെലവഴിക്കുന്നത്. സംസ്ഥാന വിഹിതം കൂടി ചെലവഴിക്കുന്ന പദ്ധതികളിൽ കേന്ദ്രസർക്കാർ നിർദേശിക്കുന്ന ബ്രാൻഡിംഗിന് പകരം സംസ്ഥാനത്തെ കൂടി പരിഗണിക്കുന്ന Co-Branding ആണ് യഥാർത്ഥത്തിൽ നിലവിൽ വരേണ്ടത്. NHM പോലുള്ള പദ്ധതികൾക്കുള്ള കേന്ദ്ര വിഹിതം ലഭ്യമാകാതിരിക്കുന്ന ഈ സന്ദർഭത്തിൽ പോലും സാമ്പത്തിക ബുദ്ധിമുട്ടുകൾക്കിടയിൽ നിന്നും പ്രസ്തുത പദ്ധതി പ്രവർത്തനങ്ങൾക്കായി കഴിയുന്നത്ര തുക സംസ്ഥാനം ചെലവഴിക്കുകയാണ്.<br><br>കേന്ദ്രാവിഷ്കൃത പദ്ധതികൾക്കുള്ള തുക കേന്ദ്രസർക്കാരിൽ നിന്നും നേടിയെടുക്കുന്നതിനു വേണ്ടി വിവിധ വകുപ്പുകൾ അതത് കേന്ദ്ര മന്ത്രാലയങ്ങളുമായി നിരന്തരം ബന്ധപ്പെടുകയും കത്തിടപാടുകൾ നടത്തുകയും ചെയ്യുന്നുണ്ട്. വിനിയോഗ സാക്ഷ്യപത്രം സമയബന്ധിതമായി നൽകിക്കൊണ്ടും മറ്റ് സാങ്കേതിക നടപടിക്രമങ്ങൾ പൂർത്തിയാക്കിക്കൊണ്ടും ഈ തുക നേടിയെടുക്കുന്നതിനായി, പദ്ധതി നിർവ്വഹണം നടത്തുന്ന എല്ലാ വകുപ്പ് സെക്രട്ടറിമാരുടെ തലത്തിലും ത്വരിത നടപടികളാണ് സ്വീകരിച്ചു വരുന്നത്. |

സെക്ഷൻ ഓഫീസർ